പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5189 **15.11.2019 ൽ മറുപടിയ്ക്ക്**

തദ്ദേശസ്വയംഭരണ വകുപ്പിലെ ആശ്രിത നിയമനം

ചോദ്യം		മറുപടി	
ശ്രീ.മോൻസ് ജോസഫ്		**എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)**	
(എ)	തദ്ദേശസ്വയംഭരണ വകുപ്പിൽ പാർട്ട്ടൈം ഫെറിമാനായിരിക്കെ മരണമടഞ്ഞ സത്യൻ കെ.കെ. യുടെ മകനായ ശ്രീ. ശ്യാംകുമാർ കെ.എസ്. ആശ്രിത നിയമന പദ്ധതി പ്രകാരം നൽകിയിരുന്ന 41/EPA/2018/LSGD നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;	(എ) & (ബി)	കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം ഫെറിമാനായിരിക്കെ മരണമടഞ്ഞ സത്യൻ കെ.കെ യുടെ മകനും ആശ്രിതനുമായ ശ്രീ. ശ്യാംകുമാർ.കെ.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയിലെ Appendix C, D ഫോമുകൾ പൂരിപ്പിച്ചിരുന്നില്ല. കൂടാതെ സത്യൻ കെ.കെ യുടെ നിയമന വിവരങ്ങൾ അടങ്ങിയ സേവന പുസ്തകത്തിന്റെ പേജിന്റെ പകർപ്പ്, അനന്തരാവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നില്ല. അപേക്ഷയിലെ പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും കോട്ടയം ജില്ലാ കളക്ടറുടെ സൂക്ഷ്മ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി അയച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.
(ബി)	ശ്രീ. ശ്യാംകുമാറിന്റെ അപേക്ഷയിൽ ഉണ്ടായിരിക്കുന്ന പ്രധാന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിച്ച് ശ്യംകുമാറിന് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;		
(സി)	കോട്ടയം ജില്ലാ കളക്ടറേറ്റിൽ നിന്നും ഈ ഫയൽ സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ?	(സി)	ഇല്ല. അപേക്ഷയും അനുബന്ധ രേഖകളും റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർ വൈക്കം തഹസിൽദാർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ